# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.52/PR/PIC/PHQ/18 Date : 05.03.2018

---

## വേനൽച്ചൂട്: ട്രാഫിക് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് കുടിവെള്ളം നൽകാൻ സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം

ട്രാഫിക് മാനേജ്മെന്റ് ഡ്യൂട്ടിയിൽ ഏർപ്പെടുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ട്രാഫിക് വാർഡൻമാർക്കും കുടിവെള്ള വിതരണത്തിന് സൗകര്യമൊരുക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകി. കേരളത്തിൽ ക്രമാതീതമായി ചൂട് കൂടുന്ന സാഹചര്യത്തിലും ഉത്സവ സീസൺ ആയതിനാലും കൂടുതൽ പോലീസ് ഉദ്യോഗസ്ഥരും ട്രാഫിക് ഡ്യൂട്ടിയിലും മറ്റ് പുറം ജോലികളിലുമായിരിക്കും. അതുകൊണ്ടുതന്നെ ചൂടു ഏൽക്കുന്നതിനും നിർജ്ജലീകരണത്തിനും സാധ്യത വളരെ കൂടുതലാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് ഇങ്ങനെയൊരു തീരുമാനം. ഇതിനാവശ്യമായ തുക അനുവദനീയമായ അക്കൗണ്ട് ഹെഡുകളിൽ നിന്നും ലഭ്യമാക്കണം.

സിറ്റി, റൂറൽ, അർബൻ പ്രദേശങ്ങളിൽ ട്രാഫിക് ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ട്രാഫിക് വാർഡൻമാർക്കും കൃത്യമായ ഇടവേളകളിൽ ബന്ധപ്പെട്ട എ.ആർ. ക്യാമ്പുകളിൽ നിന്നോ മറ്റ് ഉചിതമായ സംവിധാനം വഴിയോ കുടിവെള്ളം ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാരും ഐ.ജി.മാരും ഉറപ്പുവരുത്തണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

********